





# നാളികേരത്തിന്റെ നാടിനോട് മുന്തിരിവള്ളികൾ പറയുന്നത്

നിയ 28:1-14, പ്രഭാ 10:19-25, റോമാ 11:17-24, യോഹ 15:1-8

നഗരത്തിലെ ആധുനികതയുടെയും സമ്പത്തിന്റെയും ഉയർന്ന ഉദ്യോഗത്തിന്റെയും പത്രാസിനിടയിൽ തന്റെ ഗ്രാമത്തെയും ജനിച്ചുവളർന്ന തറവാടിനെയും പൂർണ്ണമായി മറന്ന രഘു എന്ന മനുഷ്യൻ. പട്ടണത്തിൽ പണിയാൻ പോകുന്ന ബംഗ്ലാവിന് പണം കണ്ടെത്താൻ വേണ്ടി, വർഷങ്ങൾക്ക് ശേഷം അയാൾ തന്റെ തറവാട്ടുപറമ്പ് വിൽക്കാനായി മടങ്ങിവരികയാണ്. ബാഹ്യമായി രഘു എല്ലാ അർത്ഥത്തിലും വിജയിച്ച ഒരു മനുഷ്യനാണ്. അയാൾക്ക് പണമുണ്ട്, അന്തസ്സുണ്ട്, സമൂഹത്തിൽ സ്ഥാനമുണ്ട്. എന്നാൽ ഉള്ളിന്റെയുള്ളിൽ എവിടെയോ ഒരു വലിയ ശൂന്യത അയാൾ അനുഭവിച്ചിരുന്നു.

തന്റെ പുരയിടത്തിലെ മണ്ണിൽ ചവിട്ടി നിൽക്കുമ്പോൾ, വർഷങ്ങളായി അവിടെ നിൽക്കുന്ന വന്മരങ്ങളുടെ വേരുകൾ മണ്ണിലേക്ക് ആഴ്ന്നിറങ്ങി നിൽക്കുന്നത് കാണുമ്പോൾ രഘുവിന്റെ ഉള്ളിൽ ഒരു വലിയ മാറ്റമുണ്ടാകുന്നു. ആ മരത്തിന്റെ വേരുകൾ അയാളോട് സംസാരിക്കുന്നത് പോലെ അയാൾക്ക് അനുഭവപ്പെടുകയാണ്. ആ നിമിഷം രഘു ഒരു വലിയ സത്യം തിരിച്ചറിയുന്നു, തന്റെ പ്രതാപത്തിനും പുറംമോടികൾക്കും അപ്പുറം, തന്റെ അസ്തിത്വത്തിന് ജീവനും സമാധാനവും നൽകുന്നത് ഈ മണ്ണും ഇവിടുത്തെ വേരുകളുമാണ്.



ജോമോൻ എം മങ്കുഴിക്കരി

ആ വേരുകളിൽ നിന്ന് സ്വയം അറുത്തുമാറ്റി പട്ടണത്തിലെ കോൺക്രീറ്റ് കാട്ടിൽ ജീവിച്ചാൽ താൻ ജീവനില്ലാത്ത വെറുമൊരു കോൺക്രീറ്റ് ശിലയായി മാറുമെന്ന് തിരിച്ചറിഞ്ഞ്, തറവാട് വിൽക്കില്ലെന്ന ദൃഢനിശ്ചയത്തോടെ അയാൾ ആ മണ്ണിലേക്ക്, തന്റെ വേരുകളിലേക്ക് മടങ്ങുകയാണ്. മലയാള സാഹിത്യത്തിലെ എക്കാലത്തെയും മികച്ച കൃതികളിലൊന്നായ മലയാറ്റൂർ രാമകൃഷ്ണന്റെ 'വേരുകൾ' വായനക്കാരന്റെ മനസ്സിലേക്ക് പടരുന്നത് ഇപ്രകാരമാണ്.

ഈ നോവൽ കേവലം ഒരു മനുഷ്യന്റെ കഥയല്ല, മറിച്ച് നമ്മുടെ ആത്മീയ അവസ്ഥയുടെ നേർചിത്രമാണ്. നമ്മെ താങ്ങിനിർത്തുന്ന ആത്മീയ വേരുകളിലേക്ക് ഒരു തിരിച്ചറിവിന്റെ മടക്കയാത്ര നടത്താൻ വിശുദ്ധ യോഹന്നാന്റെ സുവിശേഷം 15-ാം അധ്യായം 1 മുതൽ 8 വരെയുള്ള വചനങ്ങളിലൂടെ യേശു നമ്മെ ക്ഷണിക്കുകയാണ്.

കായലുകളും തോടുകളും നിറഞ്ഞ, തലയുയർത്തി നിൽക്കുന്ന തെങ്ങിൻ തോപ്പുകളാൽ സമൃദ്ധമായ നാട്ടിലാണ് നമ്മൾ ജീവിക്കുന്നത്. ഈ പച്ചപ്പിന്റെ മണ്ണിലിരുന്ന്, കർത്താവിന്റെ നാട്ടിലെ കാർഷിക പശ്ചാത്തലത്തിൽ യേശു പറഞ്ഞ കാര്യങ്ങൾ ചിന്താവിഷയമാക്കുമ്പോൾ അതിന് ആഴവും അർത്ഥവും, അതിലുപരി തീക്ഷ്ണമായ ഒരു ആത്മീയ തേടലുമുണ്ട്.

## ഒലിവ് വൃക്ഷവും സന്നിവേശിപ്പിക്കലിന്റെ ആത്മീയതയും

വിശുദ്ധ ഗ്രന്ഥത്തിൽ ദൈവവും മനുഷ്യനും തമ്മിലുള്ള ആഴമേറിയ ബന്ധം വെളിപ്പെടുത്താൻ വൃക്ഷങ്ങളുടെ ഉപമകൾ ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. പഴയ നിയമത്തിലും പുതിയ നിയമത്തിലും, പ്രത്യേകിച്ച് റോമാക്കാർക്കെഴുതിയ ലേഖനത്തിൽ പൗലോസ് ശ്ലീഹാ ദൈവജനത്തെ ഉപമിക്കുന്നത് അതിജീവനത്തിന്റെ പ്രതീകമായ ഒലിവ് വൃക്ഷത്തോടാണ്.

കടുത്ത വരൾച്ചയെയും കൊടുങ്കാറ്റിനെയും അതിജീവിച്ച് നൂറ്റാണ്ടുകളോളം തലയുയർത്തി നിൽക്കുന്ന ഒലിവിന്റെ വേരുകൾ ഭൂമിയുടെ ആഴങ്ങളിലേക്കാണ് ഇറങ്ങിനിൽക്കുന്നത്. റോമാ 11:17ൽ ശ്ലീഹാ മനോഹരമായ ഒരു ആത്മീയ ചിത്രം വരച്ചിട്ടിരിക്കുന്നു: നല്ല ഒലിവ് മരത്തിൽ നിന്ന് ചില ശാഖകൾ മുറിച്ചുകളഞ്ഞിട്ട്, തോട്ടക്കാരനായ ദൈവം കാട്ടൊലിവിൽ നിന്ന് ചില ശാഖകൾ ആ വൃക്ഷത്തിന്റെ തായ്ത്തടിയിലേക്ക് കൂട്ടിയിണക്കുന്നു. അങ്ങനെ കാട്ടൊലിവ് ആ നല്ല ഒലിവ് മരത്തിന്റെ വേരിൽ നിന്നുള്ള ജീവരസം പങ്കിടുന്നു.

മുന്തിരിവള്ളിയുടെയും ഒലിവ് മരത്തിന്റെയും ആത്മീയത ഒന്നാണ്. അത് സന്നിവേശിപ്പിക്കലിന്റെ അല്ലെങ്കിൽ 'പറ്റിച്ചേർന്നു നിൽക്കലിന്റെ' ആത്മീയതയാണ്.

ഒരു ശാഖയും സ്വന്തം കഴിവ് കൊണ്ടല്ല വളരുന്നത്. മറിച്ച്, വേരാകുന്ന ക്രിസ്തുവിൽ നിന്ന് നമ്മിലേക്ക് ഒഴുകിവരുന്ന ജീവരസമാണ് നമ്മുടെ ദൈവിക ജീവനു നിദാനം. ആ വേരിൽ നിന്ന് നമ്മൾ അകന്നാൽ, വേരുകളിൽ രഘു അനുഭവിച്ചതുപോലെയുള്ള വരൾച്ച നമ്മുടെ ജീവിതങ്ങളെയും ബാധിക്കും.

## വേമ്പനാടിന്റെ തീരത്തെ ജൈവികമായ ആത്മീയ സാദൃശ്യം

നാളികേരത്തിന്റെ നാട്ടിലേക്ക്, മണ്ണിന്റെ മണമുള്ള അതിന്റെ പശ്ചാത്തലത്തിലേക്ക് വരുമ്പോൾ ഈ ആത്മീയ സത്യത്തിന് കൂടുതൽ ആഴം കൈവരുന്നുണ്ട്. കായൽക്കാറ്റേറ്റ് തലയുയർത്തി നിൽക്കുന്ന തെങ്ങിൻതലപ്പുകൾ എക്കാലത്തും നമ്മുടെ മൺസംസ്കാരത്തിന്റെ തന്നെ അഭിമാനമായി നിലകൊള്ളുന്നു. എൺപതുകളിലും തൊണ്ണൂറുകളിലും കാറ്റുവീഴ്ചയുടെയും മണ്ഡരിയുടെയും ദുരിതങ്ങൾക്കിടയിലും കർഷകൻ നെഞ്ചോട് ചേർത്തുപിടിച്ച തെങ്ങുകൾ നമ്മുടെ ഓർമ്മയിലുണ്ട്.

ഒരു പ്രഭാതത്തിൽ ആ തെങ്ങിന്റെ ഓലകൾ ഒന്നാകെ വാടി തൂങ്ങി നിൽക്കുന്നത് കാണുമ്പോൾ കർഷകന്റെ നെഞ്ച് പിടയും. പുറമേയ്ക്ക് യാതൊരു കേടുപാടും കാണാനില്ലായിരിക്കാം, എന്നാൽ അതിന്റെ ഉള്ളിലേക്ക് ചെമ്പൻ ചെല്ലി കയറി മുട്ടയിട്ടുണ്ടാകുന്ന പുഴുക്കൾ, അതിന്റെ തടിയുടെ ഉള്ളിലെ ജീവരസവും നീരും പൂർണ്ണമായി വലിച്ചു കുടിച്ചിട്ടുണ്ടാകും. അങ്ങനെ നിന്നനില്പിൽ, അകമേ ജീവനറ്റ് ഉണങ്ങിപ്പോയ തെങ്ങുകൾ നമ്മുടെയൊക്കെ നാട്ടിൻപുറങ്ങളിലെ സങ്കടക്കാഴ്ചയാണ്.

യേശു നമ്മെ മുന്തിരിവള്ളിയോട് ഉപമിക്കുമ്പോൾ, ഈ തെങ്ങുകളുമായി അതിന് അത്ഭുതകരമായ ചില സാദൃശ്യങ്ങളുണ്ട്.

ഒരു തെങ്ങ് ആകാശത്തേക്ക് തലയുയർത്തി നിൽക്കുന്നത് അതിന്റെ കരുത്തുള്ള തടി കൊണ്ടല്ല, മറിച്ച് ഭൂമിയുടെ ആഴങ്ങളിൽ നിന്ന് വേരുകൾ വഴി മുകളിലേക്ക് പ്രവഹിക്കുന്ന അദൃശ്യമായ ജീവരസം കൊണ്ടാണ്.

ചെമ്പൻ ചെല്ലി തെങ്ങിനെ ആക്രമിക്കുന്നത് പുറമേ നിന്നല്ല, അവയുടെ പുഴുക്കൾ കൂമ്പിനെ ആക്രമിച്ച് ക്രമേണ അതിന്റെ

ഉൾഭാഗം തിന്നുതീർക്കുകയാണ് ചെയ്യുന്നത്. നമ്മുടെ ആത്മീയ ജീവിതത്തിലും തിന്മയുളവാക്കുന്ന തകർച്ചയുണ്ടാവുന്നത് വലിയ സ്ഫോടന ശബ്ദത്തോടെയല്ല. അത് അദൃശ്യമായി നമ്മുടെ ഉള്ളിലേക്ക് നുഴഞ്ഞുകയറുകയും, നമ്മുടെ ആത്മീയജീവനെ കാർന്നുതിന്നുകയും ചെയ്യുന്നു. പാരമ്പര്യത്തിന്റെ മഹിമയിൽ അഭിമാനിക്കുമ്പോഴും ഉള്ളിൽ സ്നേഹത്തിന്റെയും ക്ഷമയുടെയും നീരറ്റ അഹങ്കാരത്തിന്റെ ഉള്ളു പൊള്ളയായ ഉണക്കമരങ്ങളായി നമ്മൾ മാറിപ്പോകുന്നുണ്ടോ എന്ന് സ്വയം ചോദിക്കണം.

## തോട്ടക്കാരന്റെ വെട്ടിയൊരുക്കലുകളും ഫലസമൃദ്ധിയും

യേശു പറയുന്നു: 'എന്റെ ശാഖകളിൽ ഫലം തരാത്തതിനെ അവിടുന്ന് നീക്കിക്കളയുന്നു; എന്നാൽ ഫലം തരുന്നതിനെ കൂടുതൽ കായ്ക്കാനായി അവിടുന്ന് വെട്ടിയൊരുക്കുകയും ചെയ്യുന്നു. (യോഹ. 15:2). മുന്തിരിത്തോട്ടത്തിൽ കർഷകൻ ചെയ്യുന്ന ഏറ്റവും വേദനാജനകമായ പ്രക്രിയയാണ് വെട്ടിയൊരുക്കൽ. പുറമേയ്ക്ക് വളരെ ഭംഗിയുള്ള പച്ചപ്പും ശാഖകളും കർഷകൻ ക്രൂരമെന്ന് തോന്നുന്ന വിധത്തിൽ മുറിച്ചു മാറ്റും. ഇലകൾ കൂടിയാൽ മുന്തിരിയിൽ ഫലം കുറയുമെന്ന് കർഷകനറിയാം.

നമ്മുടെ ജീവിതത്തിലും സ്വർഗ്ഗീയ കൃഷിക്കാരൻ ചില വെട്ടിയൊരുക്കലുകൾ നടത്താറുണ്ട്. പ്രിയപ്പെട്ട ചില പദ്ധതികൾ തകരുമ്പോൾ, പ്രതിസന്ധികൾ കടന്നുവരുമ്പോൾ



തിരിച്ചറിയണം, അത് നമ്മെ നശിപ്പിക്കാനല്ല, നമ്മുടെ ഉള്ളിലെ ആത്മീയ ഫലങ്ങളായ സ്നേഹവും, സന്തോഷവും, സമാധാനവും കൂടുതൽ സമൃദ്ധമായി ആവിഷ്കരിക്കപ്പെടാനാണ്.

ഒരു കർഷകൻ പട്ടിണി കിടക്കുമ്പോഴും മറ്റുള്ളവർക്കായി മണ്ണിൽ ചോരനീരാക്കി പണിയെടുക്കുന്നതുപോലെ, തെങ്ങും മുന്തിരിയും സ്വയം ശൂന്യവൽക്കരിക്കലിന്റെയും കൂട്ടായ്മയുടെയും പ്രതീകങ്ങളാണ്. തെങ്ങ് അതിന്റെ ഇളനീരും നാളികേരവും മറ്റുള്ളവർക്കായി കാത്തുവെക്കുന്നു. ഒരൊറ്റ മുന്തിരിപ്പഴത്തിന് മാത്രമായി ഒരിക്കലും വീഞ്ഞാകാൻ കഴിയില്ല; ഒരു കൂട്ടം മുന്തിരിപ്പഴങ്ങൾ ഒരുമിച്ച് ചതയ്ക്കപ്പെടുമ്പോഴാണ് അത് മധുരമുള്ള വീഞ്ഞായി മാറുന്നത്. നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും പരസ്പരം താങ്ങിനിർത്തിയും ഒന്നിച്ച് ചേർന്നുനിന്നും ജീവിക്കുമ്പോഴാണ് നമ്മൾ ക്രിസ്തുവിന്റെ മുന്തിരിശാഖകളായി മാറുന്നത്.

## ജീവരസത്തിന്റെ ആത്മീയത

ഒരു ശാഖ മുന്തിരിവള്ളിയിൽ ചേർന്നു നിൽക്കുമ്പോൾ അതിനുള്ളിലേക്ക് വള്ളിയുടെ വേരുകളിൽ നിന്ന് നിരന്തരമായി ജീവരസം ഒഴുകിക്കൊണ്ടിരിക്കും. ഈ ജീവരസമാണ് ഇലകൾക്ക് പച്ചപ്പും പഴങ്ങൾക്ക് മധുരവും നൽകുന്നത്. നമ്മുടെ ആത്മീയ ജീവിതത്തിലും ഈ ജീവരസമുണ്ട്. അതാണ് ദൈവകൃപ.

പുറമേ വിജയത്തിന്റെ തലപ്പൊക്കമുണ്ടെങ്കിലും ഉള്ളിൽ സമാധാനവും പരസ്പരവിശ്വാസവും സ്നേഹവുമില്ലെങ്കിൽ നമ്മുടെ വേരുകളിൽ ജീവരസത്തിന്റെ ഒഴുക്ക് നിലച്ചിരിക്കുന്നു. കോൺക്രീറ്റ് കാട്ടിലെ ജീവനില്ലാത്ത ശിലകളാകാതിരിക്കാൻ, ജീവന്റെ ഉറവിടമായ ക്രിസ്തുവിലേക്ക്, നമ്മുടെ ആത്മീയ വേരുകളിലേക്ക് നമുക്ക് പ്രത്യാശയോടെ മടങ്ങാം.

*(കുവൈത്തിൽ മാധ്യമപ്രവർത്തകനും എഴുത്തുകാരനും ആണ് ലേഖകൻ)*

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com